# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: **9846720402**

പി.ആർ.ഒ/35/266/2016 പത്രക്കുറിപ്പ് 2016 **ഡിസംബർ 15**

**പ്രാക്ടിക്കൽ പരീക്ഷ**

മൂന്നാം സെമസ്റ്റർ ബി.എസ്.സി ബയോ ഇൻഫോർമാറ്റിക്സ് പരീക്ഷയുടെ(റഗുലർ/സപ്ലിമെന്ററി) പ്രാക്ടിക്കൽ ഇടത്തല എം.ഇ.എസ് കോളേജിൽ വച്ച് ഡിസംബർ 21ന് നടത്തും.

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് സുവോളജി ബിരുദ പരീക്ഷയുടെ (2009,2010 അഡ്മിഷൻ) സപ്ലിമെന്ററി വിദ്യാർത്ഥികൾക്കായുള്ള പ്രാക്ടിക്കൽ ഡിസംബർ 20 ന് രാവിലെ 9.30ന് എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ വച്ച് നടത്തും.

മൂന്നാം സെമസ്റ്റർ ബി.എസ്സി. ഫിസിക്സ് പരിക്ഷയുടെ സപ്ലിമെന്ററി പ്രാക്ടിക്കൽ ഡിസംബർ 20ന് നടത്തും. 2010 അഡ്മിഷൻ വിദ്യാർത്ഥികൾ തൃക്കാക്കര ഭാരതമാതാ കോളേജിലും 2011 അഡ്മിഷൻ വിദ്യാർത്ഥികൾ അതാത് കോളേജിലും ഒറിജിനൽ ഹാൾടിക്കറ്റുമായി ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ നിന്നും ലഭിക്കും.

**പ്രാക്ടിക്കൽ/വൈവാ വോസി**

അഞ്ചാം സെമസ്റ്റർ ബി.സി.എ/ബി.എസ്സി. കംപ്യൂട്ടർ ആപ്ലിക്കേഷൻ സി.ബി.സി.എസ്.എസ് (2013 അഡ്മിഷൻ റഗുലർ /ഇംപ്രൂവ്മെന്റ്/2013 മുതലുള്ള സപ്ലിമെന്ററി) പരീക്ഷകളുടെ പ്രാക്ടിക്കലും പ്രൊജക്ട് വൈവാ വോസിയും ഡിസംബർ 19 മുതൽ 22 വരെ വിവിധ കേന്ദ്രങ്ങളിൽ നടത്തും. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ നിന്നും ലഭിക്കും.

**പരീക്ഷഫലം**

2016 ഫിബ്രവരി, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ മൂന്ന്, നാല് സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ ഫുഡ് ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി(പി.ജി.സി.എസ്.എസ്)പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 24 വരെ സ്വീകരിക്കും.

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. മാത്തമാറ്റിക്സ്(സി.എസ്.എസ് റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 29 വരെ സ്വീകരിക്കും.

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എം.എച്ച് ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 24 വരെ സ്വീകരിക്കും.

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എച്ച്.ആർ.എം(റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 28 വരെ സ്വീകരിക്കും.

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ മോഹിനിയാട്ടം, മ്യൂസിക്–വയലിൻ, വീണ, വോക്കൽ, കഥകളി സംഗീതം, മൃദംഗം, ഭരതനാട്യം ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷമപരിശോധനയ്ക്കും പുനപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 30 വരെ സ്വീകരിക്കും.

2015 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ അറബിക് സി.എസ്.എസ് (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷമപരിശോധനയ്ക്കും പുനപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 28 വരെ സ്വീകരിക്കും.

**ട്രേഡ്സ്മാൻ വാക്ക് ഇൻ ഇന്റർവ്യൂ**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ മുട്ടത്തു പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനിയറിംഗിൽ ട്രേഡ്സ്മാൻ തസ്തികയിലേക്ക് 400 രൂപ ദിവസ വേതനത്തിൽ (താൽക്കാലികടിസ്ഥാനത്തിൽ) 179 ദിവസത്തേക്ക് നിയമിക്കുവാൻ വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. പോളിമർ എഞ്ചിനിയറിംഗ് ഡിപ്പാർട്ട്മെന്റിൽ ട്രേഡ്സ്മാൻ തസ്തികയിലേക്കുള്ള അപേക്ഷകർ ഐ.റ്റി.ഐ / റ്റി.എച്ച്.എസ്.എൽ.സി /വി.എച്ച്.എസ്.ഇ പോളിമർ കെമിസ്ട്രി/ബി.എസ്സി.കെമിസ്ട്രിയോ തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം. ഇലക്ട്രിക്കൽ ഡിപ്പാർട്ട്മെന്റിൽ ട്രേഡ്സ്മാൻ തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ ഐ.റ്റി.ഐ യോ (ഇലക്ട്രീഷ്യൻ) തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം. പ്രായം 18 നും 40 നും മദ്ധ്യേ. താൽപര്യമുള്ള അപേക്ഷകർ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഡിസംബർ 20ന് രാവിലെ 10 മണിക്ക് കോളേജിൽ നേരിട്ട് ഹാജരാകണം ഫോൺ : **04862 256222, 04862 256534**

**ഏകദിന സെമിനാർ**

എം.ജി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ്, അലൻ റ്റി 21 വെൽഫെയർ ട്രസ്റ്റ്, ഡൗൺ സിൻഡ്രോം ഫെഡറേഷൻ ഓഫ് ഇന്ത്യ എന്നിവ സംയുക്തമായി ഡിസം: 17ന് സർവ്വകലാശാലാ അസംബ്ലി ഹാളിൽ ഏകദിന സെമിനാർ നടത്തുന്നു. വൈസ് ചാൻസിലർ ഡോ: ബാബു സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ കെ.എസ്.എച്ച്.സി ചെയർമാൻ അഡ്വ: പരശുവയ്ക്കൽ പി. മോഹനൻ സെമിനാർ ഉദ്ഘാടനം ചെയ്യും. കേരളാ സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി മിഷൻ ഡയറക്ടർ ഡോ: മുഹമ്മദ് അഷീൽ മുഖ്യ പ്രഭാഷണവും ഡോ: സുരേഖ രാമചന്ദ്രൻ തീം അവതരണവും നടത്തും. തുടർന്ന് വൈകല്യ പഠനഗവേഷണമേഖലയിലെ വിദഗ്ദ്ധർ നയിക്കുന്ന ക്ലാസ്സുകൾ ഉണ്ടാവും സ്പെഷ്യൽ ടീച്ചേഴ്സ്, റീഹാബിലിറ്റേഷൻ പ്രൊഫഷണൽസ്, റിസർച്ച് സ്കോളേഴ്സ്, ഭിന്നശേഷിയുള്ള വ്യക്തികൾ, മാതാപിതാക്കൾ എന്നിവർക്ക് പങ്കെടുക്കാം. വിശദവിവരങ്ങൾക്ക് iucdsmgu@gmail.com വെബ്സൈറ്റ് : www;iucdsmgu.org ഫോൺ : 0481 2731580, 9846735917

**കടൽജലത്തിലെ എണ്ണയുടെ അംശം നീക്കാൻ കയർ നിർമ്മിത വസ്തുക്കൾ സഹായകരം – പ്രൊഫ: സാബു തോമസ്**

കടൽജലത്തിലെ എണ്ണയുടെ അംശം നീക്കാൻ കയർ നിർമ്മിത വസ്തുക്കൾ സഹായകരമെന്ന് ഐ.ഐ.യു.സി.എൻ.എൻ ഡയറക്ടർ പ്രൊഫ: സാബു തോമസ്. എം.ജി സർവ്വകലാശാലയിൽ നടക്കുന്ന ജലശുദ്ധികരണത്തെപ്പറ്റിയുള്ള അഞ്ചുദിവസത്തെ ശില്പശാലയിൽ കയർ നാരിനാൽ നിർമ്മിച്ച ഉല്പന്നത്തെ പരിചയപ്പെടുത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിലെയും ബ്രിട്ടനിലെയും വിദഗ്ധർ പങ്കെടുക്കുന്ന ശില്പശാലയിൽ 30ലധികം പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. ഡോ:ദുരൈ പ്രഭാകർ(ബാങ്കോർ സർവ്വകലാശാല : യു.കെ) അതിദി ശർമ്മ, ഡോ:നന്ദകുമാർ കളരിക്കൽ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

**എം.ജി യിൽ ഫാബ് ലാബ് യാഥാർത്ഥ്യമാകും – ഡോ : ബാബു സെബാസ്റ്റ്യൻ**

ഇന്ത്യയിലാദ്യമായി എം.ജി സർവ്വകലാശാലയിൽ അത്യാധുനിക സൗകര്യങ്ങളോടെ ഫാബ് ലാബ് യാഥാർത്ഥ്യമാകും. രണ്ടരക്കോടി രൂപ മുതൽമുടക്കി അയ്യായിരം ചതുരശ്ര അടിയിലാണ് ഫാബ് ലാബ് സ്ഥാപിക്കുന്നത്. ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ദ്വദിന സ്റ്റാർട്ട് അപ് എക്സിബിഷന്റെ ഉദ്ഘാടനവേളയിലാണ് ഈ സ്വപ്ന പദ്ധതി സർവ്വകലാശാലാ വൈസ് ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ പ്രഖ്യാപിച്ചത്. തൊഴിൽ അന്വേഷകനായ വിദ്യാർത്ഥിയെ തൊഴിൽ ദാതാവാക്കുക എന്ന ഉദ്ദേശത്തിലാണ് ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നത്. ഇൻകുബേഷൻ സെന്ററിന്റെ മുൻപോട്ടുള്ള ചുവടുവയ്പിനു സാങ്കേതിക രംഗത്തെ പുത്തൻ ആശയങ്ങളും ത്രീ ഡി പ്രിന്റർ പോലെയുള്ള ആധുനിക സൗകര്യങ്ങളും ആവശ്യമാണെന്ന് സ്റ്റാർട്ട് അപ് എക്സിബിഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് കേരളസാങ്കേതിക സർവ്വകലാശാലാ വൈസ് ചാൻസിലർ ഡോ : കുഞ്ചറിയ പി. ഐസക് അഭിപ്രായപ്പെട്ടു. വിദ്യാർത്ഥികളെ വിലയിരുത്തേണ്ടത് കേവലം പരീക്ഷകളിലൂടെയല്ല മറിച്ച് കഴിവിലൂടെയാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.
സിൻഡിക്കേറ്റ് അംഗം അജി.സി.പണിക്കർ, ഡോ: ഗിരീഷ്കുമാർ. ആർ, ഡോ : പ്രകാശ്കുമാർ. ബി, ഡോ : റോബിനറ്റ് ജേക്കബ്, ബിന്ദു.വി.ആർ, എന്നിവർ സംസാരിച്ചു. സംരംഭക മേഖലയിലെ പ്രമുഖരായ ഡോ : ചന്ദ്രശേഖരൻ നായർ, സഞ്ജയ് വിജയകുമാർ, സിദ്ധാർത്ഥ് രാം എന്നിവർ വിദ്യാർത്ഥികളുമായി തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു.

**എം.ജി : അന്താരാഷ്ട്ര സമ്മേളനത്തിൽ ജൈവ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിന് കർഷകർക്ക് അവസരം**

മഹാത്മാഗാന്ധി സർവ്വകലാശാലാ അന്തർ സർവ്വകലാശാലാ സുസ്ഥിര ജൈവ കാർഷിക പഠനകേന്ദ്രത്തിന്റെ അഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ ജൈവകർഷകർക്ക് തങ്ങളുടെ കാർഷിക വിളകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും പ്രദർശിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു. ഡിസംബർ 30-ന് സർവ്വകലാശാല ആസ്ഥാനത്താണ് പ്രദർശനം. പരമാവധി 20 കർഷകർക്ക് പ്രദർശനത്തിൽ പങ്കെടുക്കാം. താൽപ്പര്യമുള്ളവർ തങ്ങളുടെ കാർഷികവിളകൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, കാർഷിക ഉപകരണങ്ങൾ, അവലംബിക്കുന്ന കാർഷിക മുറകൾ എന്നിവയുടെ വിശദാംശങ്ങൾ സഹിതം ഡിസംബർ 22-ാം തീയതി വൈകീട്ട് 5 മണിക്കു മുൻപായി സർവ്വകലാശാലാ ഓഫീസിൽ അപേക്ഷിച്ചിരിക്കണം. പരിപാടിയിൽ പങ്കെടുക്കുവാൻ തെരഞ്ഞെടുക്കപ്പെടുന്നവരെ ഫോൺ മുഖേന അറിയിക്കുന്നതാണ്.
അപേക്ഷ അയയ്ക്കേണ്ട വിലാസം : ഡയറക്ടർ, അന്തർ സർവ്വകലാശാല സുസ്ഥിര ജൈവ കാർഷിക പഠന കേന്ദ്രം, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം. ഇ മെയിൽ :isetofsa@mgu.ac.in മാതൃകാ അപേക്ഷാഫോം www.iucofsa.ac.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കും. ഫോൺ : 0481 655563

അടിക്കുറിപ്പ്

എം.ജി.സർവ്വകലാശാലയിൽ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ദ്വദിന സ്റ്റാർട്ട് അപ് എക്സിബിഷന്റെ ഉദ്ഘാടനം കേരളസാങ്കേതിക സർവ്വകലാശാലാ വൈസ് ചാൻസിലർ ഡോ : കുഞ്ചറിയ പി. ഐസക് നിർവ്വഹിക്കുന്നു. എം.ജി സർവ്വകലാശാലാ വൈസ് ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ,സിൻഡിക്കേറ്റ് അംഗം അജി.സി.പണിക്കർ, ഡോ: ഗിരീഷ്കുമാർ. ആർ, ഡോ : പ്രകാശ്കുമാർ. ബി, ഡോ : റോബിനറ്റ് ജേക്കബ്, ബിന്ദു.വി.ആർ എന്നിവർ സമീപം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**